മൂർക്കോത്ത് കുഞ്ഞപ്പ

# മാപ്പിള ഖലാസികൾ

*ൂറ്റാണ്ടുകളുടെ പാരമ്പര്യം*

*അവകാശപ്പെടാനുള്ള*

*മാപ്പിള ഖലാസിമാരെ പരിചയപ്പെടുത്തുന്നു.*

*ഭീമാകാരനിർമ്മിതികൾ*

*അനായാസേന കൈകാര്യം ചെയ്യുന്ന*

*മാപ്പിള ഖലാസിമാരുടെ സജീവചിത്രം.*

**1927**ൽ ഞാൻ ഈസ്റ്റേൺ ബംഗാൾ റെയിൽവെയിൽ പ്രൊബെഷനറി അക്കൗണ്ടൻറായി ജോലിചെയ്യുകയായിരുന്നു. കിഴക്കൻ ബംഗാളിൽ കാലുക്കാളി ബട്ടിയപ്പാറ റെയിൽവേ (40 മൈൽ) നിർമ്മാണം നടക്കുന്ന കാലം — മൂന്നു മാസം റെയിൽ നിർമ്മാണത്തിൻെറ കണക്കുവെക്കുന്നതെങ്ങനെയാണെന്നു പഠിക്കാൻ എന്നെ കാലുക്കാളിയിലേക്ക് സ്ഥലം മാറ്റി. വയസ്സ് 21-ൽ ചിലാനം. കാലുക്കാളിയിൽ ഹോട്ടലില്ല; പാർക്കാൻ സ്ഥലമില്ല. റോഡ് എന്നു പറയാൻ കുറച്ചു വെട്ടു വഴിയുണ്ട്. പോലീസ് സ്റ്റേഷനില്ല. ഒരു മുറിയാണ് പോസ്റ്റാഫീസ്. താമസിക്കാൻ പതിനാറു മുറിയുള്ള ഒരു വലിയ ബംഗാളി തറവാട് വാടക കൊടുക്കാതെ കിട്ടി. ആ കുടുംബം മുഴുവനും കൽക്കത്തയിൽ താമസിക്കുകയാണ്. 16 മുറിയിലൊറ്റയ്ക്ക്.

അടുത്ത് ഒരു കുഴൽക്കിണറു കുഴിക്കുന്നുണ്ട്. ഒരു ദിവസം ആപ്പീസിൽ ഒഴിവാകയാൽ ഞാൻ ആ ജോലിസ്ഥലത്തുപോയി വെറുതെ നിന്നു. മലയാളി മട്ടിൽ മുണ്ടും ബനിയനും ആണ് വസ്ത്രധാരണം. മുളകൊണ്ടുകെട്ടിയ മുക്കാലിയിൽ നിന്നുകൊണ്ട് ഒരാളുണ്ട് കുഴൽക്കിണറിൻെറ ജോലി ചെയ്യുന്നു. ശരിക്കും ഞാണിൽ കളിക്കുന്ന അഭ്യാസം തന്നെ വേണം ആ ജോലി ചെയ്യാൻ. ഞാൻ അത്ഭുതം കൊണ്ട് അറിയാതെ അപകടമേഖലയിൽ കടന്നുവെന്നു തോന്നിന്നുണ്ട്. ഞാണിൽ കളിക്കാരൻ ശുദ്ധമലയാളത്തിൽ വിളിച്ചു പറഞ്ഞു.

'കുട്ടിയേ! ഒന്നു മാറി നിക്കണേ'

ഞാൻ അന്തംവിട്ടുപോയി. ആസ്സാമിലെ ബ്രഹ്മപുത്രയ്ക്കപ്പടിഞ്ഞാറുള്ള ചെറുപട്ടണങ്ങളിലെ കൊച്ചു പട്ടണത്തിൽ പച്ച മലയാളം കേട്ടതിനാലുള്ള ആനന്ദവും അത്ഭുതവും തമ്മിൽ തമ്മിൽ മത്സരിച്ച് ആനന്ദം ജയിച്ചിരിക്കയാണ്. ഉദ്യോഗസ്ഥനായ എന്നെ കുട്ടി എന്നു വിളിച്ചതിൽ ഞാൻ ഒട്ടും അത്ഭുതപ്പെട്ടില്ല. താടിയും മീശയും മുളച്ചിട്ടില്ല. ഇന്നുള്ളതിലധികം ഉയരവും അന്നുണ്ടായിരുന്നില്ല. പിന്നെ എന്നെ കുട്ടി എന്നു വിളിച്ചതിൽ എന്തു പരിഭവിക്കാൻ!

പിന്നീടാണ് "അവ്വോക്ക"റെ പരിചയപ്പെട്ടത്. മലയാളിയാണ് ബേപ്പൂരാണ് സ്വന്തം നാട്. റെയിൽവേയിൽ ജോലിചെയ്യുന്ന മാപ്പിള ഖലാസികളിൽ ഒരംഗമാണ്. അങ്ങിനെയാണ് ഞാൻ മാപ്പിള ഖലാസികളെപ്പറ്റി അറിയുവാനിടയായത്.

അതിൽപ്പിന്നെ റെയിൽവേ നിർമ്മാണത്തിൽ ഞാൻ ബംഗാളിലെ ഹാർഡിബ്രിഡ്ജ്, ദീനാ ജലൂർ മുതലായ സ്ഥലങ്ങളിലും മദിരാശിയിലെ പെരസൂർ, തൊണ്ടിയാർപ്പേട്ട മുതലായ സ്ഥലങ്ങളിലും ജോലി ചെയ്തു. ഈ ദിക്കിലെല്ലാം ഇവരുമുണ്ടായിരുന്നു.

റെയിൽവേ എഞ്ചിനീയർമാർക്കു മാപ്പിള ഖലാസിയെ കഴിച്ചേ ആളുള്ളൂ. ഗണപതി, — ഡൽഹിയിൽ പാലം കെട്ടുന്നതിൽ മാപ്പിളമാർ പ്രകടിതമാക്കിയ പരാക്രമം — അദ്ദേഹം തന്നെ പറഞ്ഞുകേൾക്കണം. രമണി എന്ന എഞ്ചിനീയർ റാഞ്ചിയിൽ വച്ചു പറഞ്ഞതിൽ ഒറ്റ വാചകം മാത്രം പകർത്താം.

"ഒരു പാലത്തിൻെറ ഗർഡർ പണിയുകയാണ്. അവസാനത്തെ ഗർഡർ വെക്കാനുണ്ട്. അതു പുഴയ്ക്കുമേലെയുള്ള ഗർഡറിലേക്കു കരയ്ക്കുനിന്ന് ചെരിച്ചുവച്ചിരിക്കുകയാണ്. ഞാൻ നേരെയുള്ള ഗർഡറിൽ നില്ക്കുന്ന മാപ്പിളയോട് ഇറങ്ങിവരാൻപറഞ്ഞു. അയാൾ നേരെ നടന്ന് ചെരിച്ചുവെച്ച ഗർഡറിലൂടെയാണ് ഇറങ്ങിവന്നത്. എന്താരഭ്യാസം!"

ബാലിക് റെയിൽവെ ബോർഡ് മെമ്പറായി റിട്ടയർ ചെയ്തയാളാണ്. ബാലിക് റെയിൽ പാല നിർമ്മാണത്തിൽ അതിവിദഗ്ധനായിരുന്നു. ദണ്ഡകാരണ്യത്തിൽ കിഴക്കൻ പാക്കിസ്ഥാനിൽനിന്നുള്ള അഭയാർത്ഥികളെ കുടിപാർപ്പിക്കാൻ കുറെയേറെ ചതുരശ്രനാഴിക റെയിൽവേ പാതയിട്ടപ്പോൾ അതിൽ അദ്ദേഹം ചീഫ് എഞ്ചിനീയർ ആയിരുന്നു. അദ്ദേഹമാണ് പറഞ്ഞത് ഇന്ത്യയിലെവിടെയും റെയിൽ പാലം കെട്ടുവാൻ മാപ്പിള ഖലാസികൾ തന്നെവേണമെന്ന്.

ഹിറാകുഡ് ഡാം പ്രവർത്തനം അത്ര ശീഘ്രം ചെയ്തുതീർക്കാൻ മാപ്പിള ഖലാസികളാണ് പ്രധാന ഘടകം എന്നാണ് അക്കാലത്ത് ഒറീസയിൽ മന്ത്രിയായിരുന്ന നിത്യാനന്ദ കാനംഗൊ പറഞ്ഞത്.

അങ്ങനെ ഇന്ത്യയിൽ മുഴുവനും വലിയവലിയ നിർമ്മാണപദ്ധതികൾ കെട്ടി പേരും പെരുമയും സമ്പാദിച്ച മലബാർ ഖലാസികളെപ്പറ്റി കേരളീയർക്ക് കാര്യമായൊന്നുമറിയില്ല എന്നത് ഖേദകരമാണ്. ഈയിടെ കേരളത്തിൽ പെരുമണ്ണിൽ ഭയങ്കരമായ തീവണ്ടിയപടകമുണ്ടായപ്പോൾ മലബാർ ഖലാസികളുടെ സേവനം അനിവാര്യമായി വന്നത് മറക്കാനാവില്ല.



മലബാർ ഖലാസികളുടെ മാഹാത്മ്യത്തെപ്പറ്റി ഒരു ഇതിഹാസം തന്നെയുണ്ടാവണം. വയസ്സായവരെ കണ്ടു വിവരങ്ങൾ ശേഖരിച്ചും ഇടുക്കി ഡാം നിർമ്മിച്ച എഞ്ചിനീയർമാരെകണ്ടും മാപ്പിളഖലാസികളെപ്പറ്റി യഥാർത്ഥ വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു. ഇവരുടെ മഹിമ നിലനിർത്തുവാൻ ഒരു ആധികാരികഗ്രന്ഥം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.



*കോളേജിൽ പുലി!*

*1979-ലാണ് സംഭവം. എവിടെനിന്നോ എത്തിയ ഒരു പുലി ഫാറൂഖ് കോളേജ് പരിസരത്തെ സംഭീതമാക്കി. കോളേജിലെ വാച്ച്മാനായിരുന്ന ഹംസയാണ് ഒടുവിൽ അതിനെ വെടിവെച്ചുകൊന്നത്.*